പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 1538 — 15.06.2012 ൽ മറുപടിയ്ക്ക്

## അന്നദായിനി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ഡോ. എം.കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| എ | ട്രൈബൽ കോളനികളിൽ പാചകം ചെയ്ത ഭക്ഷണം വിതരണം ചെയ്യുന്ന അന്നദായിനി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | എ | ട്രൈബൽ കോളനികളിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന അന്ന ദായിനി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് |
| ബി | എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | ബി | മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിലെ മണ്ണല, അലയ്ക്കൽ, കുമ്പളപ്പാറ, വെറ്റില ക്കൊല്ലി എന്നീ ആദിവാസി കോളനികളിലാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന അന്നദായിനി പദ്ധതി നടപ്പിലാക്കിയത്. ടി ആദിവാസി കോളനികളിൽ താമസിക്കുന്നവർക്ക് പാചകം ചെയ്ത ഭക്ഷണമാണ് വിതരണം ചെയ്തിരുന്നത്. ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ സാധനങ്ങൾ സി.ഡി.പി.ഒ/ ബന്ധപ്പെട്ട സൂപ്പർ വൈസർ എന്നിവരുടെ ഉത്തരവാദിത്വത്തിൽ ടി സ്ഥലങ്ങളിൽ എത്തിക്കുകയും മഹിളാ സമഖ്യ വോളന്റിയർമാർ/ ട്രൈബൽ വോളന്റിയർമാർ എന്നിവരുടെ സഹകരണത്തോടെ പാകം ചെയ്തു നൽകുകയുമാണ് ചെയ്തു വന്നിരുന്നത്. ഈ പദ്ധതി നിർവ്വഹണത്തിന്റെ പൂർണ്ണ ചുമതല നിലമ്പൂർ ശിശുവികസന പദ്ധതി ഓഫീസർക്കായിരുന്നു. പദ്ധതി ചെലവുകൾ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കോർപ്പസ് ഫണ്ടിൽ നിന്നും വഹിയ്ക്കുകയുണ്ടായി. 02/07/2009 മുതൽ 30/09/2010 വരെ ഈ പദ്ധതി നടപ്പിലാക്കുകയുണ്ടായി. തുടർന്ന് |

| | | | |
|---|---|---|---|
| | | | ട്രൈബൽ ഡിപ്പാർട്ട്മെന്റ് ഇതിനായി പ്രത്യേക തുക നീക്കിവയ്ക്കുകയും മഹിളാസമഖ്യാ എന്ന ഏജൻസി മുഖേന ആദിവാസി മേഖലകളിൽ പാകം ചെയ്ത ഭക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുകയുമുണ്ടായി. ഈ സാഹചര്യത്തിൽ സുരക്ഷാ മിഷൻ ഈ മേഖലകളിൽ അന്നദായിനി പദ്ധതി നടപ്പിലാക്കേണ്ടതില്ലെന്ന് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിക്കുകയും 30/09/2010 മുതൽ സുരക്ഷാ മിഷൻ വഴിയുള്ള നടപടി അവസാനിപ്പിക്കുകയുമുണ്ടായി. |

R. Vijayan

സെക്ഷൻ ഓഫീസർ